# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**വിജ്ഞാപനം**

നമ്പർ : 13-2018-സംതിക. തീയതി, തിരുവനന്തപുരം, 2018 ജനുവരി 25

2017 ഡിസംബർ മാസം 20-ാം തീയതിയിലെ ഉത്തരവ് നമ്പർ ബി1-8950-2017(1)-സം.തി.ക പ്രകാരം പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2781-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 2015-ലെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാത്ത/ പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർത്ഥികളെ അയോഗ്യരാക്കിയ ഉത്തരവിന്റെ പട്ടികയിൽ,-

ക്രമനമ്പർ 313-ഉം അതിന് എതിരെയുമുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ പൊതു തിരഞ്ഞെടുപ്പിൽ സി.05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 29-ാം (പൊറ്റമ്മൽ) വാർഡിൽ നിന്നും മത്സരിച്ച സ്ഥാനാർത്ഥിയായ ശ്രീ. എം.പി. രാധാകൃഷ്ണൻ, കൊടമോളിക്കുന്നുമ്മൽ, നെല്ലിക്കോട് പി.ഒ, കോഴിക്കോട് നിശ്ചിത സമയത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20.12.2017 തീയതിയിലെ ബി.1-8950-2017(1)-സം.തി.ക ഉത്തരവിൽ 313-ാം ക്രമനമ്പറായി ഉൾപ്പെടുത്തി അയോഗ്യത കൽപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. എം.പി. രാധാകൃഷ്ണൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ അപേക്ഷ ബോധിപ്പിക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. രേഖകൾ പരിശോധിച്ചതിൽ ടിയാൻ 25.11.2015 ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ചെലവ് കണക്ക് സമർപ്പിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ 25.01.2018 ലെ അപേക്ഷ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 20.12.2017 ലെ ഉത്തരവ് ഭേദഗതി വരുത്തേണ്ടത് ഏറ്റവും ആവശ്യമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ഒപ്പ്
**വി. ഭാസ്കരൻ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## തിരുത്ത് വിജ്ഞാപനം

നമ്പർ : 05–2018–സംതിക. തീയതി, തിരുവനന്തപുരം, 2018 ജനുവരി 05

2017 ഡിസംബർ മാസം 20–ാം തീയതിയിലെ ഉത്തരവ് നമ്പർ ബി1–8950–2017–സം.തി.ക പ്രകാരം പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2780–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 2015–ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാത്ത/പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർത്ഥികളെ അയോഗ്യരാക്കിയ ഉത്തരവിന്റെ പട്ടികയിൽ,–

ക്രമനമ്പർ 4784 നും അതിന് എതിരെയുള്ള ഉൾക്കുറുപ്പിനും പകരം താഴെ പറയുന്നവ ചേർക്കേണ്ടതാണ്.

"

| | | | | |
|---|---|---|---|---|
| 4784 | ജി.11 ഓങ്ങല്ലൂർ | 13. പഴഞ്ചിരിക്കുന്ന് | സൈനബ വരമംഗലത്ത് | വരമംഗലത്ത് ഹൗസ്, കോണ്ടൂർക്കര പി.ഒ, കള്ളാടിപ്പറ്റ, പാലക്കാട്. |

"

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പാലക്കാട് ജില്ലയിൽ ജി.11 ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 13.പഴഞ്ചിരിക്കുന്ന് നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീമതി. സൈനബ വരമംഗലത്ത്–നെ ചെലവ് കണക്ക് സമർപ്പിക്കാത്ത കാരണത്താൽ കേരള പഞ്ചായത്ത് രാജ് ആക്ട് 33–ാം വകുപ്പ് പ്രകാരം അയോഗ്യയാക്കേണ്ടിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ടിയാളുടെ പേരിലും മേൽവിലാസത്തിലും പിശക് സംഭവിച്ചിട്ടുള്ളതാണ്. പ്രസ്തുത പിശക് പരിഹരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ഒപ്പ്
**വി. ഭാസ്ക്കരൻ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം–33.

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ. കെ. വി. മുരളീധരൻ)

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2018 ജനുവരി 11-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 16.12.2017-ലെ 96/2017/സംതിക മുതൽ 101/2017/സംതിക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

**ഉത്തരവ് നമ്പർ. ബി1-7843-2017-സം.തി.ക. തീയതി:01.01.2018**

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31 -ാം ചട്ടം (2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, 2018 ജനുവരി 11 (വ്യാഴം)-ാം ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാൻ കാർഡ്
5. ആധാർ കാർഡ്
6. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
7. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

കെ. വി. മുരളീധരൻ
സെക്രട്ടറി.

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം /കൊല്ലം/കോട്ടയം/ഇടുക്കി/എറണാകുളം/പാലക്കാട്/കോഴിക്കോട്/ മലപ്പുറം/കാസർഗോഡ്**

**എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർ മുഖേന)**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർന്മാർക്കും

പി.ആർ.ഒ, (പത്രക്കുറിപ്പ് നൽകുന്നതിനായി)

കംമ്പ്യൂട്ടർ പ്രോഗ്രാമർ (കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കമ്മീഷണറുടെ സി.എ.

സെക്രട്ടറിയുടെ സി.എ.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

ഒപ്പ്
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : cru.sec@kerala.gov.in, Website : www.sec.kerala.gov.in
THIRUVANANTHAPURAM – 695 033